പതിമൂന്നാം കേരള നിയമസഭ
ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 3124 — 15.02.2013 ൽ - മറുപടിക്ക്

## റേഷൻ സമ്പ്രദായം ആധുനികവത്ക്കരിക്കാനുള്ള പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ബെന്നി ബെഹനാൻ<br>,, എ. പി . അബ്ദുള്ളക്കുട്ടി<br>,, ഹൈബി ഈഡൻ<br>,, ആർ. സെൽവരാജ് | ശ്രീ. അനൂപ് ജേക്കബ്<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും, രജിസ്ട്രേഷനും വകുപ്പുമന്ത്രി) |
| എ) റേഷൻ സമ്പ്രദായം ആധുനിക വത്ക്കരിക്കാനുള്ള പദ്ധതി രൂപീകരി ച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (എ) ഉണ്ട്. എഫ്.സി.ഐ. മുതൽ എ.ആർ.ഡി. വരെയുള്ള പൊതുവിതരണ ശൃംഖല പൂർണ്ണമായി കമ്പ്യൂട്ടർവൽക്കരിക്കുന്നതിന് സർക്കാർ തീരുമാനിച്ചിട്ടുണ്ട്. |
| ബി) പ്രസ്തുത പദ്ധതി സംബന്ധിച്ച വിശദാംശങ്ങൾ എന്തെല്ലാം ; | (ബി) ഈ പദ്ധതി നാല് ഘട്ടങ്ങളിലായി നടപ്പിലാക്കുവാനാണ് നിർദ്ദേശിച്ചിട്ടുളളത്.<br>1. റേഷൻ ഗുണഭോക്താക്കളുടെ വിവരങ്ങൾ ഡിജിറ്റൈസ് ചെയ്യുക<br>2. എഫ്.സി.ഐ. മുതൽ എ.ആർ.ഡി. വരെയുളള വിതരണ ശൃംഖല പൂർണ്ണമായി കമ്പ്യൂട്ടർ വൽക്കരിക്കുക.<br>3. യഥാർത്ഥ ഗുണഭോക്താവിനെ ശാസ്ത്രീയമായി തിരിച്ചറിഞ്ഞ് അയാൾക്ക് അനുവദിച്ചിട്ടുളള ഭക്ഷ്യധാന്യങ്ങൾ കൃത്യമായി അയാൾക്ക് ലഭ്യമാക്കുക.<br>4. ഉപഭോക്താക്കൾക്ക് സുതാര്യമായ ഒരു പരാതി പരിഹാര സംവിധാനം സജ്ജമാ ക്കുക<br><br>ഈ പദ്ധതി നടപ്പാക്കുന്നതിലേയ്ക്കായി എൻ.ഐ.സി. 254 കോടി രൂപയുടെ ഒരു പദ്ധതി നിർദ്ദേശം സമർപ്പിച്ചിട്ടുണ്ട്. ആയത് സർക്കാരിന്റെ പരിഗണനയിലാണ്. |
| സി) ആധുനികവത്ക്കരണത്തിലൂടെ എന്തെല്ലാം പരിഷ്ക്കാരങ്ങളാണ് റേഷൻ വിതരണ സമ്പ്രദായത്തിൽ വരുത്താനുദ്ദേശിക്കുന്നത്; വിശദമാക്കു മോ; | (സി) ഈ പദ്ധതി നടപ്പിലാക്കുന്നതിലൂടെ എഫ്.സി.ഐ. മുതൽ എ.ആർ.ഡി. വരെയുളള വിതരണ ശൃംഖല പൂർണ്ണമായി കമ്പ്യൂട്ടർവൽക്കരിക്കുന്നതിനും റേഷൻ കടകളിൽ ബയോമെട്രിക് അഥവാ സ്മാർട്ട് കാർഡ് പരിശോധന ചെയ്യുന്നതിനുളള പി.ഒ.എസ്. മെഷീനുകൾ സ്ഥാപിക്കാനും ഉദ്ദേശിക്കുന്നു. ഇതിലൂടെ റേഷൻ ഭക്ഷ്യധാന്യങ്ങളുടെ ദുരുപയോഗം പൂർണ്ണമായി ഒഴിവാക്കുവാൻ സാധിക്കും |
| ഡി) പ്രസ്തുത പദ്ധതി നടപ്പാക്കുവാൻ കേന്ദ്രത്തിൽ നിന്നും എന്തു തുക യാണ് ലഭിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം ? | (ഡി) ഈ പദ്ധതിയ്ക്ക് കേന്ദ്ര സർക്കാരിന്റെ നിർദ്ദിഷ്ട മാനദണ്ഡപ്രകാരം ചെലവാക്കുന്ന തുകയുടെ 50% കേന്ദ്ര സർക്കാരിൽ നിന്നും ലഭ്യമാവുകയും അധികമായി ആവശ്യം വരുന്ന തുക സംസ്ഥാനം തന്നെ വഹിക്കേണ്ടതുമാണ്. |

സെക്ഷൻ ഓഫീസർ